സ്കീമിന്റെ കാര്യവും. അതും നിറുത്തിവച്ചിരിക്കുകയാണു്. ഇതിന്റെ കാരണം ഒന്നു വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അതിനെസംബന്ധിച്ച വിവരം ഇപ്പോഴും എന്റെ കൈവശമില്ല. ബഹുമാനപ്പെട്ട മെമ്പറുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അന്വേഷിക്കാം.

(ii) UNSTARRED QUESTION AND ANSWER

മാവേലിക്കര സബ്ബു് റജിസ്ട്രാർ ആഫീസു്

48 [819] ശ്രീ. ജി. ഗോപിനാഥൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ ;

(എ) മാവേലിക്കര സബ്ബു് രജിസ്ട്രാർ ആഫീസു് പുതുക്കി പണിയുന്നതിലേക്കു് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഇന്നത്തെ ആഫീസു് കെട്ടിടത്തിന്റെ ശോച്യാവസ്ഥയെ പരിഗണിച്ചു് ഉടനടി കെട്ടിടം പുതുക്കിപ്പണിയുന്നതിനു് വേണ്ട നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ, ബി) കെട്ടിടം പുതുക്കി പണിയുന്നതിലേക്കായി എസ്റ്റിമേറും പ്ലാനും തയ്യാറാക്കുന്നതിനു്, പൊതുമരാമത്തു് വകുപ്പിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അവ ലഭിക്കുന്ന മുറക്കു് മേൽ നടപടികളും നടത്തുന്നതാണു്.

[9 a.m.]

ശ്രീ. കെ. കെ. അബു: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണു്. കഴിഞ്ഞ 3-ാം തീയതി ഒരു അനൗദ്യോഗിക പ്രമേയം ചർച്ചയ്ക്കു വരികയും ചർച്ച കുറേ നേരം നീണ്ടുപോകുകയും ചെയ്തു. പക്ഷേ അന്നു് അതു ചർച്ച ചെയ്യാൻ നിശ്ചയിച്ചിരുന്ന സമയമനുസരിച്ചു് 12-30 നു് അവസാനിപ്പിക്കണമെന്നായിരുന്നു. ആരോഗ്യകാര്യ മന്ത്രിക്കു് മറുപടി പറയാൻ അവസരം കൊടുക്കണമെന്നു പറഞ്ഞിരുന്നു. 15 മിനിട്ടു സമയം കൊടുക്കാമെന്നു പറഞ്ഞു് 15 മിനിട്ടു സമയം ഹൗസിന്റെ സമ്മതത്തോടുകൂടി നീട്ടിക്കൊടുക്കണമായിരുന്നു. ഹൗസ് സമ്മതിക്കണമോ എന്നു ബഹുമാനപ്പെട്ട സ്പീക്കർ അന്നു പറഞ്ഞില്ല. പല കാര്യങ്ങളെക്കുറിച്ചും പറയാനുണ്ടായിരുന്ന ആരോഗ്യ മന്ത്രിക്കു പ്രസംഗിക്കാൻ സാധിച്ചില്ല. സാധാരണ ഇത്തരം പ്രമേയങ്ങളും വരുന്ന രീതിയനുസരിച്ചും ചർച്ചകളിൽ കാണാറുള്ളതനുസരിച്ചുമാണെങ്കിൽ പറയാനുള്ള ആളുകൾക്കു് പറയാൻ അവസരം കൊടുക്കുകയും ബന്ധപ്പെട്ട മന്ത്രി സമാധാനം പറയുകയും ഭേദഗതികളും ഒന്നുകിൽ പ്രസ്സുചെയ്യുകയോ അല്ലെങ്കിൽ പിൻവലിക്കുകയോ ചെയ്യുകയുമാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ബഹുമാനപ്പെട്ട മെമ്പർ പോയിന്റ് ഓഫ് ആർഡർ ഉന്നയിക്കുകയാണോ ?

ശ്രീ. കെ. കെ. അബു: പോയിന്റ് ഓഫ് ആർഡറല്ല, സബ്മിഷനാണു്. പ്രധാനപ്പെട്ട ഒരു കാര്യത്തെക്കുറിച്ചാണു്. അതു പറഞ്ഞോ മതിയാകും.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഇതെന്താണെന്നു മനസ്സിലാകുന്നില്ല.

ഡെപ്യൂട്ടി സ്പീക്കർ: ഞാൻ അനുവദിച്ചശേഷമാണു് ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. അബു: സാധാരണ നിലയിൽ അംഗീകരിക്കേണ്ട വിധത്തിലുള്ള യാതൊരു കാര്യവും സ്വീകരിക്കാത്ത ഒരു ദശാസന്ധിയിൽ ബഹുമാനപ്പെട്ട സ്പീക്കർ ചേംബറിലേക്കു പോകുകയുണ്ടായി. അതിനുശേഷം പ്രമേയം പാസായതായി പ്രഖ്യാപനമുണ്ടായിട്ടുണ്ട്. ഞങ്ങളുടെ ഭാഷയിൽ.....

ശ്രീ. കെ. എം. മാണി; സർ, ഒരു പോയിൻറ് ഓഫ് ആർഡർ ഉന്നയിക്കാനുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. കെ. അബു: സർ, പ്രമേയത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അപ്പുമാസ്റ്റർ ഡിവിഷൻ ആവശ്യപ്പെടുകയുണ്ടായി. ഏതെങ്കിലുമൊരംഗം ഡിവിഷൻ ആവശ്യപ്പെട്ടാൽ.....

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിൻറ് ഓഫ് ആർഡർ ഉണ്ട്.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. ഞാൻ അനുവദിച്ച ശേഷമാണ് സംസാരിക്കുന്നത്.

ശ്രീ. കെ. എം. മാണി: സർ, ഈ ചർച്ച അനുവദിക്കാവുന്നതല്ല എന്നുള്ളതിനെപ്പറ്റിയാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. കെ. അബു: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അനുവദിച്ച ശേഷമാണ് ഞാൻ സംസാരിക്കുന്നത്. ബഹളമുണ്ടാക്കുന്നുവെന്ന പരാതി പറയുന്നയാളുകൂടി ക്രമമായി പെരുമാറണം.

ശ്രീ. കെ. എം. മാണി: സർ, ഇത്.....

ശ്രീ. എ. കെ. അപ്പു: സർ, അങ്ങ് അനുവദിച്ചതനുസരിച്ച്.....

ശ്രീ. കെ. എം. മാണി: സർ, ഇത് ഇവിടെ അനുവദിക്കാവുന്നതല്ല എന്റെ പോയിൻറ് ഓഫ് ആർഡർ.....

ശ്രീ. കെ. കെ. അബു: സർ, ഇവിടെ ബഹളമുണ്ടാക്കുന്നുവെന്നു പരാതി പറയുന്നവർ, എനിക്കു പറയാനുള്ളതു പറയുമ്പോഴും കുഴപ്പമുണ്ടാക്കുന്നതു ശരിയല്ല. എനിക്കു പറയാൻ സമയം അനുവദിക്കണം.

ശ്രീ. കെ. കരുണാകരൻ: സർ, എനിക്കു ഒരു പോയിൻറ് ഓഫ് ആർഡർ ഉന്നയിക്കാനുണ്ട്.

ശ്രീ. കെ. കെ. അബു: സർ, ഈ നിയമസഭയിലെ ഒരു മെമ്പർ ഡിവിഷൻ ആവശ്യപ്പെട്ടിരിക്കെ.....

ശ്രീ. കെ. കരുണാകരൻ: സർ, പോയിൻറ് ഓഫ് ആർഡർ.

ശ്രീ. കെ. എം. മാണി: സർ, പോയിൻറ് ഓഫ് ആർഡർ.

ശ്രീ. കെ. കരുണാകരൻ: സർ, പോയിൻറ് ഓഫ് ആർഡർ.

Deputy Speaker: I will give you all time. Mr. Aboo, you may continue.

Smt. K. R. Gouri: A point of order can be raised only with the permission of the Speaker എന്നാണ് പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. എം. മാണി: സർ, എനിക്കു് പോയിൻറ് ഓഫ് ആർഡർ ഉന്നയിക്കാനുണ്ടു്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ പറയുന്നതു് എനിക്കു കേൾക്കണം.

ശ്രീ. കെ. എം. ജോർജ്ജ്: സർ.. ....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. കെ. അബു: സർ, ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ശ്രീ. എ. കെ. അപ്പു എം. എൽ. എ. ഡിവിഷൻ ആവശ്യപ്പെട്ടിട്ടുണ്ടു്, വളരെ വ്യക്തമായി ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ നിയമസഭയിലെ ഒരംഗം ഡിവിഷൻ ആവശ്യപ്പെട്ടാൽ തീർച്ചയായിട്ടും അനുവദിച്ചു കൊടുക്കണമെന്നുള്ളതു് വ്യക്തമാണു്. ഇതെല്ലാം ഉണ്ടായിട്ടുപോലും ഞങ്ങൾക്കു് ഒന്നും മനസ്സിലാകാത്തവിധത്തിൽ പ്രമേയം പാസായതായി പ്രഖ്യാപിച്ചുവെന്നുകേൾക്കുന്നുണ്ടു്. മാതൃഭൂമി, കേരളകൗമുദി തുടങ്ങിയ എല്ലാ പത്രങ്ങളിലും പറഞ്ഞിരിക്കുന്നതു് സ്പീക്കറുടെ ചേംബറിൽനിന്നാണു് ഇക്കാര്യം മനസ്സിലാക്കിയതു് എന്നാണു്.

ശ്രീ. കെ. എം. മാണി: സർ, പോയിൻറു് ഓഫ് ആർഡർ.

ശ്രീ. കെ. കരുണാകരൻ: സർ .....

(ബഹളം)

ശ്രീ. കെ. കെ. അബു: സർ,.....ലോകത്തിലെ ഒരു നിയമസഭയിലും ഇതുപോലൊരു സംഭവമുണ്ടായിട്ടില്ല .....മഹാത്മജിയുടെ ചിത്രത്തിനു മുൻപിലിരുന്നു്.....

(ബഹളം)

.....ആണെങ്കിൽ അതിനുപകരം..... മിസ് മേയോയുടെ ചിത്രമോ ഹിറ്റ്ലറുടെ ചിത്രമോ വയ്ക്കണം, അല്ലെങ്കിൽ ഗീബൽസിന്റെ ചിത്രം വയ്ക്കണം.....

(ബഹളം)

....ശക്തിയായി പ്രതിഷേധിക്കുകയാണു്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സ്പീക്കറുടെ പേരിൽ ഒരു ബഹുമാനപ്പെട്ട മെമ്പർ അവിശ്വാസപ്രമേയത്തിനു നോട്ടീസു കൊടുത്തിട്ടുണ്ടു്. ആ വസ്തുതകളെക്കുറിച്ചു ചർച്ച ചെയ്യാൻ അതിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മെമ്പർമാക്കു് അവസരം കിട്ടുന്നതാണു്. ബഹുമാനപ്പെട്ട സ്പീക്കർ കഴിഞ്ഞ 3-ാം തീയതി എടുത്ത തീരുമാനത്തെ സംബന്ധിച്ചിടത്തോളം പുനഃപരിശോധനചെയ്യുന്നതിനു് എനിക്കു് അർഹതയില്ല; അതു് ശരിയായിരിക്കയില്ല എന്ന വസ്തുത ബഹുമാനപ്പെട്ട മെംബർമാക്കു് അറിയാമെന്നു ഞാൻ വിശ്വസിക്കുകയാണു്. 3-ാം തീയതിയിലെ നടപടികളെ സംബന്ധിച്ചിടത്തോളം, ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറുടെ പേരിൽ അവിശ്വാസപ്രമേയം വരുമ്പോൾ വിശദമായി ചർച്ചചെയ്യാൻ അവസരമുള്ളതുകൊണ്ടു് 3-ാം തീയതിയിലെ പ്രശ്നമൊന്നും ഉന്നയിക്കാൻ ഞാൻ അവസരം നൽകുന്നില്ല.

ശ്രീ. പി. രാമണ്ണിക്കുറുപ്പു്: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ ധാരാളം അവാസ്തവ പ്രസ്താവനകൾ ഉൾക്കൊള്ളുന്നുണ്ടു്. അതു് പ്രൊസീഡിംഗ്സിൽ നിന്നു നീക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ഓരോ മെമ്പക്കും പറയാനുള്ള അവസരമുണ്ട്. ചില തൊക്കെ അവാസ്തവങ്ങളായിരിക്കാം, ശരിയായ കാര്യങ്ങളല്ലായിരിക്കാം. അതിന്റെയെല്ലാം രേഖകൾ കാണും. ഇപ്പോൾ ഒരു റൂളിംഗും ഞാൻ നൽകുന്നില്ല. ഒന്നും മാറേണ്ട പ്രശ്നവുമില്ല.

3. ADJOURNMENT MOTION

CLASH BETWEEN TWO GROUPS OF PEOPLE IN NEDUPUZHA IN TRICHUR

ഡെപ്യൂട്ടി സ്പീക്കർ: തൃശ്ശൂർ ഡിസ്ട്രിക്ടിലുള്ള നെടുപുഴ എന്ന സ്ഥലത്തു വച്ച് മാർക്സിസ്റ്റുപാർട്ടിക്കാരെന്നറിയപ്പെടുന്ന ചിലരും ഹരിജനങ്ങളും തമ്മിലുണ്ടായ സംഘട്ടനത്തെ തുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ചു ചർച്ചചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. കരുണാകരൻ, കെ. എം. ജോർജ്ജ്, പി. പി. ജോർജ്ജ് എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: നെടുപുഴയിൽ.....

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, എനിക്ക് ഒരു കാര്യം പറയാനുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഞാൻ ഒരു ഉപചോദ്യം ചോദിക്കാൻ സമയമാവശ്യപ്പെട്ടിട്ടുണ്ട്, തന്നില്ല.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ, ബഹുമാനപ്പെട്ട മന്ത്രിയെ ഈ പ്രമേയത്തെക്കുറിച്ചു വിവരമറിയിക്കാൻ ക്ഷണിച്ചിരിക്കുകയാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ഇങ്ങനെയാണ് റൂളിംഗ് നൽകുന്നതെങ്കിൽ.....

ശ്രീ. ബി. മാധവൻ നായർ: സർ, രണ്ടുപേരും എഴുന്നേറ്റു നിൽക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ശിവരാമഭാരതിയെപ്പോലുള്ളവർ ഇങ്ങനെ പറയുന്നതു ബുദ്ധിമുട്ടാണ്.

(Shri K. A. Sivarama Bharathi walked out of the House)

ശ്രീ. എം. കെ. കൃഷ്ണൻ: സർ, കഴിഞ്ഞ 3-ാം തീയതി ഒരു യോഗത്തിൽ പങ്കെടുത്തയാളുകൾ തിരിച്ചു പോകുന്ന അവസരത്തിൽ കോൺഗ്രസ് അനുകൂലികൾ എന്നു പറയുന്ന ആളുകൾ ആക്രമിക്കുകയും അതിന്റെ ഫലമായി എട്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. അവർ ജില്ലാ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. സംഘർഷാവസ്ഥയൊന്നും നിലവിലില്ല. സംഭവം അറിഞ്ഞയുടനെ ഉയർന്ന പോലീസുദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി. സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണാധീനമാണ്. അടിയന്തിര പരിതഃസ്ഥിതിയൊന്നും നെടുപുഴയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly